ശ്രീ. എ. എൽ. ജേക്കബ് : സർ, പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പാംഓയിൽ വില്പന

* 154. ശ്രീ. പി. എം. അബൂബക്കർ :
,, കെ. പി. എ. മജീദ് :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ, മാവേലി സ്റ്റോർ, റേഷൻ കട ഇവ വഴിയുള്ള പാംഓയിൽ വില്പന എന്നുമുതൽ നിർത്തലാക്കി ; എന്തുകൊണ്ട് ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ പാംഓയിൽ സ്റ്റോക്കുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ടൺ എന്നു വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രം എത്ര ടൺ പാം ഓയിൽ ആണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 3-1-1986 മുതൽ പാം ഓയിൽ വിൽപ്പന നിറുത്തലാക്കി. വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

(ബി) ഉണ്ട്.

(സി) 1772 മെട്രിക് ടൺ.

(ഡി) പ്രതിമാസം ശരാശരി 3000 ടൺ.

ശ്രീ. പി. എം. അബൂബക്കർ : സർ, പാംഓയിലിന്റെ വിതരണം നിറുത്തലാക്കിയതിനെത്തുടർന്ന് മാവേലി സ്റ്റോറുകളിൽക്കൂടിയുള്ള മറ്റു സാധനങ്ങളുടെ വിൽപ്പനയിൽ ഗണ്യമായ തോതിൽ കുറവു സംഭവിച്ചിട്ടുണ്ടോ ; അതെത്രത്തോളമുണ്ടെന്നു പറയാമോ ?

ശ്രീ. യു. എ. ബീരാൻ : സംഭവിച്ചിട്ടുണ്ട്. പാംഓയിലിന്റെ വിൽപ്പന ഇപ്പോൾ പൂർണ്ണമായി നിറുത്തിയിരിക്കുകയാണ്. അതിനുപകരം വെളിച്ചെണ്ണ വിതരണം ചെയ്തുവരുന്നുണ്ട്.

ശ്രീ. പി. എം. അബൂബക്കർ : അതല്ല ഞാൻ ചോദിച്ചത്. പാംഓയിലിന്റെ വിതരണം മാവേലി സ്റ്റോറുകൾ വഴിയുള്ളത് നിറുത്തലാക്കിയതിന്റെ ഫലമായി മറ്റുള്ള സാധനങ്ങളുടെ മൊത്തത്തിലുള്ള വിൽപ്പനയിൽ വിലക്കുറവുണ്ടായിട്ടുണ്ടോയെന്നാണ്?

ശ്രീ. യു. എ. ബീരാൻ : സ്വാഭാവികമായും മാവേലി സ്റ്റോറുകളിലെ വിറ്റുവരവ് കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. എ. മജീദ് : പാംഓയിലിന്റെ വിതരണം ഇപ്പോഴും നിറുത്തലാക്കിയിരിക്കുകയാണ്. അതിനുപകരമായി വെളിച്ചെണ്ണ വിതരണം ചെയ്യുമ്പോഴും പാംഓയിലിന്റേയും വെളിച്ചെണ്ണയുടേയും വിലയിലുള്ള വ്യത്യാസമെന്താണ് ; അതിന്റെ റേഷനെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. യു. എ. ബീരാൻ : വെളിച്ചെണ്ണ കിലോഗ്രാമിന് പതിനഞ്ചു രൂപ വച്ചാണ് വിതരണം ചെയ്യുന്നത്. ഓപ്പൺ മാർക്കറ്റിൽ ഇതിനെക്കാൾ വിലയുണ്ട്. പാംഓയിൽ വിതരണം ചെയ്തിരുന്നത് കിലോഗ്രാമിന് പതിനൊന്നര രൂപ നിരക്കിലാണ്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : വെളിച്ചെണ്ണയ്ക്ക് ഇപ്പോൾ എത്ര സബ്സിഡി ഗവൺമെന്റ് വഹിക്കുന്നുണ്ട് ?

ശ്രീ. യു. എ. ബീരാൻ : സബ്സിഡിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം തീരുമാനമായിട്ടില്ല. നാളികേര വികസന കോർപ്പറേഷനിൽ നിന്നുമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വെളിച്ചെണ്ണ എടുക്കുന്നത്. അതിന്റെ വില ഒട്ടാകെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളും കിലോഗ്രാമിന് പതിനഞ്ചു രൂപ വച്ചാണ് എടുക്കുന്നത്.

(2) അടിയന്തിര ചോദ്യോത്തരം

ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ തിരോധാനം

* 3. ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ടി. രാജൻ മേനോനെ 1986 ഫെബ്രുവരി 17-ാം തീയതി മുതൽ കാണാതായതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടംവരെ എത്തി എന്നു വ്യക്തമാക്കുമോ ;

(ബി) അന്വേഷണം ആരാണ് നടത്തുന്നത് ;

(സി) ഈ കേസ് സംബന്ധിച്ച് ഇതിനകം എത്രപേരെ ചോദ്യം ചെയ്തു ;

(ഡി) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഇ) ഇത് ഒരു കൊലപാതകമാണെന്നും അന്വേഷണം ഊർജ്ജിതപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുജനപ്രക്ഷോഭണം നടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ശ്രീ. രാജൻ മേനോനെ കണ്ടുപിടിക്കാൻ ഊർജ്ജിതമായ അന്വേഷണം നടത്തുകയാണ്.

(ബി) ആലുവ ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.

(സി) 130 പേരെ.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly